<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5783</u> <u>16-03-2023 - ൽ മറുപടിയ്ക്ക്</u>

<u>ക്യാൻസർ കെയർ സ്യൂട്ട് എന്ന വെബ് പോർട്ടൽ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ക്യാൻസർ സാധ്യത സംശയിയ്ക്കുന്നവരിൽ സ്ക്രീനിംഗ് കാര്യക്ഷമമാക്കുന്നതിനായി ക്യാൻസർ കെയർ സ്യൂട്ട് എന്ന വെബ് പോർട്ടൽ ഉപയോഗിക്കുന്നുണ്ടോ; | (എ) | ഉണ്ട്. ഇ-ഹെൽത്തിന്റെ നേതൃത്വത്തിൽ 'ശൈലി' സ്ക്രീനിംഗിലൂടെ കണ്ടെത്തിയ കാൻസർ രോഗ സാധ്യതയുള്ളവരെ രജിസ്റ്റർ ചെയ്യുന്നതിനും തുടർ പരിശോധനന നടത്തുന്നതിനും രോഗം സ്ഥിരീകരിച്ചവർക്ക് ചികിത്സ ഉറപ്പാക്കുന്നതിനും കാൻസർ കെയർ സ്യൂട്ട് എന്ന സോഫ്റ്റ് വെയർ ഉപയോഗിക്കുന്നുണ്ട്. |
| (ബി) | ഇങ്ങനെ ക്യാൻസർ കണ്ടെത്തുന്നവർക്ക് തുടർ ചികിത്സ സൗജന്യമാണോ; ഏതൊക്കെ ആശുപത്രികളിൽ ചികിത്സ ലഭ്യമാണ്; വ്യക്തമാക്കുമോ? | (ബി) | കാൻസർ രോഗ സ്ഥിരീകരണം വരെയുള്ള എല്ലാ ചെലവുകളും സൗജന്യമായാണ് രോഗികൾക്ക് നൽകുന്നതെങ്കിലും ഒരിക്കൽ രോഗസ്ഥിരീകരണം നടത്തിക്കഴിഞ്ഞാൽ രോഗികളെ ഏറ്റവും അടുത്തുള്ള കാൻസർ ചികിത്സാ കേന്ദ്രങ്ങളിലേക്ക് റഫർ ചെയ്യുകയാണ് കാൻസർ കെയർ സ്യൂട്ടിന്റെ പ്രവർത്തന രീതി. കാൻസർ ചികിത്സയ്ക്ക് വിവിധ പദ്ധതികൾ മുഖേന സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സ ഇപ്പോൾ നൽകി വരുന്നു. സ്ക്രീനിംഗിന്റെ ഭാഗമായി രോഗം കണ്ടെത്തുന്നവർക്കും ഈ ചികിത്സാ പദ്ധതി വഴിയുള്ള സൗജന്യ ചികിത്സ ലഭ്യമാകുന്നതാണ്. തിരുവനന്തപുരം റീജിയണൽ കാൻസർ കെന്റർ, കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ, മലബാർ കാൻസർ സെന്റർ, 5 സർക്കാർ മെഡിക്കൽ കോളേജുകൾ, എറണാകുളം ജനറൽ ആശുപത്രി എന്നിവയാണ് സമഗ്ര കാൻസർ ചികിത്സ ലഭിക്കുന്ന സർക്കാർ സ്ഥാപനങ്ങൾ. |

സെക്ഷൻ ഓഫീസർ